# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 3694

30.01.2014-ലെ മറുപടിക്ക്

### തടവുകാരുടെ വരുമാന മാർഗ്ഗം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പാലോട് രവി<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.എം.പി.വിൻസെന്റ്<br>ശ്രീ.വി.പി.സജീന്ദ്രൻ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) തടവുകാർക്ക് മെച്ചപ്പെട്ട ജീവിത സൗകര്യവും വരുമാനവും ഒരുക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ;<br><br>ബി) തടവുകാർക്ക് ജീവിത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;<br><br>സി) തടവുകാർക്ക് വരുമാനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം തൊഴിൽ സാദ്ധ്യതകൾ ജയിലുകളിൽ ഒരുക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ? | എ)യും (ബി)യും (സി)യും : തടവുകാർക്ക് മെച്ചപ്പെട്ട ജീവിത സൗകര്യവും വരുമാനവും ഒരുക്കുന്നതിന്റെ ഭാഗമായി തൊഴിൽ പരിശീലനവും, തൊഴിലും ജയിലുകളിൽ നല്കി വരുന്നു. ഭക്ഷണോല്പാദന യൂണിറ്റുകൾ, ജയിൽ മാനുഫാക്ടറി, കെട്ടിട നിർമ്മാണം, ഡയറി ഫാം, ഇഷ്ടിക നിർമ്മാണ യൂണിറ്റ്, ടെയ്‌ലറിംഗ് യൂണിറ്റ് സോപ്പു നിർമ്മാണ യൂണിറ്റ്, കാർഷിക വൃത്തി എന്നിവ വഴിയും തടവുകാർക്ക് ജോലിയും വേതനവും ലഭിക്കുന്നു. ഇതുവഴി ജയിലിൽ മെച്ചപ്പെട്ട രീതിയിൽ കഴിയുന്ന തോടൊപ്പം വരുമാനവും തടവുകാർക്ക് ലഭ്യമാകുന്നുണ്ട്.<br><br>പൊതുമരാമത്ത് വകുപ്പ്, സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് തുടങ്ങിയ ഏജൻസികൾ നടത്തുന്ന കരാർ ജോലികളിൽ തടവുകാർക്ക് 117/- രൂപ കൂലി നൽകി വരുന്നു.<br><br>തടവുകാർക്ക് വിവിധ തരത്തിലുള്ള തൊഴിൽ പരിശീലനം നല്കുന്നതു വഴി ശിക്ഷ കഴിഞ്ഞു ജയിൽ മോചിതരായി പോകുമ്പോൾ അവർക്ക് സ്വയംപര്യാപ്തത കൈവരിയ്ക്കുവാനും, അതുവഴി മെച്ചപ്പെട്ട ജീവിത സാഹചര്യം ഉണ്ടാക്കുവാനും സാധിക്കുന്നു. |

സെക്ഷൻ ഓഫീസർ